# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4005 31/01/2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ക്ഷേമത്തിന് കേന്ദ്ര സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ലഭിച്ച കേന്ദ്രസഹായത്തിന്റെ എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | എ | സംസ്ഥാനത്തിലെ പ്രാക്തന ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാരുടെ സർവ്വതോന്മുഖമായ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ 148 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2011-12 വർഷത്തിൽ 11.55 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു. തുടർന്ന് 2012-13, 2013-14 വർഷങ്ങളിൽ 37 കോടി രൂപ വീതം ബഡ്ജറ്റ് വിഹിതമായി ലഭ്യമായിരുന്നു. ആകെ 85.55 കോടി ലഭ്യമായതിൽ 2013 ഡിസംബർ വരെ 96 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി കൺസർവേഷൻ കം ഡവലപ്മെന്റ് (പ്ലാൻ) ശീർഷകത്തിൽ നിന്നും സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി 2008-09 സാമ്പത്തികവർഷം അനുവദിച്ച 960 ലക്ഷം രൂപയിൽ 795.45 ലക്ഷം രൂപ (84.37 ശതമാനം) ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം നടപ്പ് വർഷം 12.10 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയത് വിനിയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരികയാണ്. |
| ബി | ഓരോ മേഖലയിലും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ; | ബി | പി.വി.ടി.ജി പദ്ധതി പ്രകാരം ഓരോ മേഖലയിലേക്കായി പ്രത്യേക തുക അനുവദിച്ചിട്ടില്ല. ഓരോ മേഖലയിലും ഇതുവരെ ചെലവഴിച്ച തുക വർഷം തിരിച്ച് **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. സിസി.ഡി പദ്ധതി പ്രകാരം ജില്ലാ ഓഫീസുകൾക്ക് തുക അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ **അനുബന്ധം 2** ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി | അട്ടപ്പാടിയിലെ ഏതെല്ലാം ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനാണ് പ്രസ്തുത ഫണ്ട് നീക്കി വച്ചിട്ടുള്ളത് ; ഇവർക്കായി ആവിഷ്കരിച്ച പദ്ധതികളും നീക്കി വച്ച തുകയും, ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ? | സി | അട്ടപ്പാടി മേഖലയിലെ കുറുംബ വിഭാഗത്തിൽപ്പെട്ടവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ടി പ്രദേശത്ത് താമസിക്കുന്ന പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഭക്ഷ്യ സഹായ പദ്ധതിയിൽ 46,85,650/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ഭവന നിർമ്മാണം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതികൾ, റോഡ് നിർമ്മാണം, ട്രൈബൽ . മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ട്രൈബൽ പ്രൊമോട്ടർമാർ, ആരോഗ്യ വിദ്യാഭ്യാസ പരിപാടി, പ്രത്യേക അംഗനവാടികളും, ഏകാദ്ധ്യാപക സ്കൂളുകളും, ആവശ്യമായ മരുന്നുകളുടെ വിതരണം മുതലായവയാണ് പദ്ധതികൾ. ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഹോണറേറിയം നൽകുന്നതിനായി 2.4 ലക്ഷം രൂപയും, സ്പെഷ്യൽ അംഗൻവാടിക്കായി 50,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആനവായ് റോഡ് നിർമ്മാണത്തിനായി 7.69 കോടി രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. ഇവിടെ HLFPPT എന്ന സ്ഥാപനമാണ് മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. മാസത്തിൽ എല്ലാ കോളനികളും സന്ദർശിക്കുന്നുണ്ട്. ഭവന രഹിതരായ 95 കുടുംബങ്ങൾക്ക് 3.5 ലക്ഷം രൂപ നിരക്കിൽ പുതിയ വീട് അനുവദിച്ചിട്ടുണ്ട്. ആനവായ് മേഖലയിലെ 10 കുറുംബ കോളനികളിൽ കെ.എസ്.ഇ.ബി. മുഖേന 3.16 കോടി രൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ഇതിനു പുറമേ അഹാഡ്സിന് അനുവദിച്ച ഒരു കോടി രൂപയിൽ നിന്നും 65,000/- രൂപ പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസലിനായി (P.R.A) ചെലവഴിച്ചിട്ടുണ്ട്.<br>സി.സി.ഡി.പ്ലാൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെയും ചെലവഴിച്ച തുകകളുടെയും വിശദവിവരങ്ങൾ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

## പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക

| ക്രമ നം | വർഷം | മേഖല | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | പാലക്കാട്/തൃശ്ശൂർ സെക്ടറൽ ഓഫീസർ പാലക്കാട് | 3077304 |
| | | നിലമ്പൂർ | 1792134 |
| | | കാസർകോട് | 2385000 |
| | | മാനന്തവാടി | 8494000 |
| | | കൽപറ്റ | 120759 |
| | | സുൽത്താൻ ബത്തേരി | 60000 |
| | | ഹെഡ് ഓഫീസ്, കോഴിക്കോട് | 1750803 |
| | ആകെ | | **17680000** |
| 2 | 2012-13 | പാലക്കാട്/തൃശ്ശൂർ സെക്ടറൽ ഓഫീസർ പാലക്കാട് | 44915974 |
| | | നിലമ്പൂർ | 42351785 |
| | | കാസർകോട് | 16957197 |
| | | മാനന്തവാടി | 112241239 |
| | | കൽപറ്റ | 47163033 |
| | | സുൽത്താൻ ബത്തേരി | 96851772 |
| | | ഹെഡ് ഓഫീസ്, കോഴിക്കോട് | 4896267 |
| | ആകെ | | **365377267** |
| 3 | 2013-14 | പാലക്കാട്/തൃശ്ശൂർ സെക്ടറൽ ഓഫീസർ പാലക്കാട് | 57521080 |
| | | നിലമ്പൂർ | 23021205 |
| | | കാസർകോട് | 34273367 |
| | | മാനന്തവാടി | 112241239 |
| | | കൽപറ്റ | 38779623 |
| | | സുൽത്താൻ ബത്തേരി | 165623791 |
| | | പുൽപ്പള്ളി | 11143735 |
| | | ഹെഡ് ഓഫീസ്, കോഴിക്കോട് | 2122846 |
| | ആകെ | | 444726886 |

നോട്ട് - 2013-14 ൽ പി.ഒ/ടി.ഡി.ഒ മാരുടെ ടി.ആർ.ഡി.എം. അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിച്ച 7 കോടി രൂപയും 2013-14 ൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായ 20 കോടി രൂപയും 2013-14 ലെ പദ്ധതി വിഹിതമായമായ 37 കോടി രൂപയും ചേർത്തുള്ള 64 കോടി രൂപയിൽ ഇതുവരെ ചെലവഴിച്ച തുകയാണ് 2013-14 ലെ ചെലവായി കാണിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

Conservation Cum Development Plan[CCD] Expenditure as on 31/12/2013 (Rs in Lakh)

| Sl No | PO/TDO | Amount allotted for Livelihood& Housing | Expenditure (as on 31/12/2013) | Balance Amount as on 01/01/2014 | % |
|---|---|---|---|---|---|
| 1 | Kozhikkode | 5.67 | 5.61 | 0.06 | 98.94 |
| 2 | Attappady | 90.00 | 90.00 | 0.00 | 100.00 |
| 3 | Palakkad | 86.11 | 80.16 | 5.95 | 93.09 |
| 4 | S.Bathery | 367.35 | 329.71 | 37.64 | 89.75 |
| 5 | Kalpetta | 99.82 | 56.57 | 13.85 | 56.67 |
| 6 | Mananthavady | 71.19 | 68.42 | 2.78 | 96.11 |
| 7 | Nilambur[KMSS] | 119.93 | 68.04 | 51.89 | 56.73 |
| 8 | Kasargod | 50.18 | 46.88 | 3.30 | 93.42 |
| 9 | Chalakkudy | 52.51 | 50.06 | 2.45 | 95.33 |
| | **Total** | **942.76** | **795.45** | **117.92** | **84.375** |

Balance Amount - TRDM - 17.24 lakhs

സെക്ഷൻ ഓഫീസർ

**അനുബന്ധം 3**

**സി.സി.ഡി.പ്ലാൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളും ചെലവഴിച്ച തുകയും**

| ക്രമ നമ്പർ | പദ്ധതി | | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1) | ജീവനോപാധി പദ്ധതികൾ | | | | | |
| | എ) | കുരുമുളക് കൃഷി | 156 | 6975 | 10,88,100 | 10,88,100 |
| | ബി) | ആട്ടുവളർത്തൽ | 140 | 11500 | 16,10,000 | 16,10,000 |
| | സി) | കിടാരി വളർത്തൽ | 90 | 15000 | 13,50,000 | 13,50,000 |
| | ഡി) | മറ്റു ചെലവുകൾ | | | 1,900 | 1,900 |
| 2) | ഭവന നിർമ്മാണം | | 33 | 150000 (നാലാം ഗഡു) | 49,50,000 | 49,50,000 |
| | **ആകെ** | | 419 | - | **90,00,000** | **90,00,000** |

R.N.
സെക്ഷൻ ഓഫീസർ